

ആരിതാ വരുന്നാരിതാ വരുന്നേശു രക്ഷകനല്ലയോ
പരമോന്നതൻ സ്നാനാമേല്ക്കുവാൻ യോർദാന്നാറ്റിങ്കൽ വരുന്നോ

കണ്ടാലും ലോകത്തിന്റെ പാപത്തെ ചുമക്കും ദൈവകുഞ്ഞാടു
കണ്ടുവോ ഒരു പാപി എന്ന പോൽ സ്നാനമേല്ക്കുവാൻ പോകുന്നു.

ഇല്ലില്ല നിന്നാൽ സ്നാനമേല്ക്കുവാനുണ്ടെനിക്കേറ്റമാവശ്യം
വല്ലഭാ നന്റെ ചെരിപ്പും ചുമന്നീടുവാനില്ല യോഗ്യത.

ആത്മസ്നാനവും അഗ്നിസ്നാനവും നിന്റെ കൈക്കീഴിലില്ലയോ
എന്തിനു പിന്നെ വെള്ളത്തിൽ സ്നാനം എന്റെ കൈക്കീഴിലേല്ക്കുന്നു

സ്നാപകൻ ബഹുഭക്തിയോടിവ ചെന്നതാൽ പ്രിയരക്ഷകൻ
ഇപ്രകാരം നാം സർവനീതിയും പൂർത്തിയാക്കണമെന്നോതി

ഉടനെ പ്രിയനിറങ്ങി സ്നാനമേറ്റുകൊണ്ടു താൻ കയറി
പെട്ടന്നാത്മാവുവന്നു തന്റെ മേൽ പ്രാവുരൂപത്തിലിറങ്ങി

വന്നൊരു ശബ്ദം മേൽനിന്നക്ഷണം എന്റെ പ്രിയകുമാരൻ നീ
നിന്നിലെത്രയും പ്രിയമുണ്ടെന്നും സ്വർഗതാതൻ താനരുളി

തുറന്നോർ സ്വർഗമവിടുണ്ടൊരു പ്രിയതാതനുമതുപോൽ
പരിശുദ്ധാവിയതുമെൻ പ്രിയനേശുനാഥനും കാണുവിൻ

**Our Radio:**
www.heavenlyradio.org (+ Heavenly Radio +)

**Our Websites:**
www.thesaintofparumala.com (Parumala Thirumeni)
www.sadhukochukunjuupadesi.com (Sadhu Kochukunju Upadesi)

**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me